**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലാ പഞ്ചായത്തംഗങ്ങൾക്കും ജില്ലാതല ഉദ്യോദസ്ഥർക്കും വേണ്ടി കില സംഘടിപ്പിച്ചിരുന്ന സന്ദർശന പരിപാടിക്ക് തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചത് സാധൂകരിക്കുന്നതിനായുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1698/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി:
**07/08/2019**

പരാമർശം: - തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 11.07.2018 ലെ A2/558/18 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാ പഞ്ചായത്തംഗങ്ങൾക്കും ജില്ലാതല ഉദ്യോഗസ്ഥർക്കും വേണ്ടി കില സംഘടിപ്പിച്ച പഠന സന്ദർശന പരിപാടിയിൽ തിരുവനന്തപുരം ജില്ലാപഞ്ചായത്തിൽ നിന്നും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അടങ്ങുന്ന 31 അംഗ സംഘത്തെ അയയ്ക്കുകയും ടി പരിപാടിക്കായി 5,91,519/- രൂപ ചെലവാകുകയും കിലയിൽ നിന്നും പഠന സന്ദർശന പരിപാടിയ്ക്കായി 2,37,960/- രൂപ ലഭ്യമായത് കിഴിച്ചുള്ള 3,53,559/- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചത് സാധൂകരിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അപേക്ഷി ച്ചിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തിരുവനന്തപുരം ജില്ലാ പഞ്ചായത്തംഗങ്ങൾക്കും ജില്ലാതല ഉദ്യോഗസ്ഥർക്കും വേണ്ടി കില സംഘടിപ്പിച്ച പഠന സന്ദർശന പരിപാടിയ്ക്കായി അധികമായി ചെലവായ 3,53,559/- രൂപ (മൂന്ന് ലക്ഷത്തി അൻപത്തി മൂന്നായിരത്തി അഞ്ഞൂറ്റി അൻപത്തി ഒൻപത് രൂപ) തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ ബന്ധപ്പെട്ട നടപടിക്രമങ്ങൾ സംബന്ധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**RAJEEVE C R**

**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത്ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ് /സെക്രട്ടറി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ